**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2394** **23-02-2026-ൽ മറുപടിയ്ക്ക്**

**<u>മെഡിസെപ്പ് പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി കെ. കെ. രമ

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** മെഡിസെപ്പ് പദ്ധതി ആരംഭിച്ചതു മുതൽ നാളിതുവരെ സർക്കാർ ജീവനക്കാരിൽ നിന്നും പിരിച്ചെടുത്ത ആകെത്തുക എത്രയാണ്; ഇതിൽ എത്ര രൂപയാണ് ഇൻഷ്വറൻസ് കമ്പനിക്ക് കൈമാറി നൽകിയിട്ടുള്ളത്;

**<u>മറുപടി:</u> മെഡിസെപ്പ് പദ്ധതി ആരംഭിച്ചതു മുതൽ നാളിതുവരെ സർക്കാർ ജീവനക്കാരിൽ നിന്നും 2025 സെപ്റ്റംബർ മാസം വരെ പിരിച്ചെടുത്ത ആകെത്തുക 2184,25,42,917/-രൂപയാണ്.**

**മെഡിസെപ്പ് പോളിസിയുടെ ഒന്നാം ഘട്ടത്തിൽ വാർഷിക പ്രീമിയം തുക 18% ജി.എസ്.ടി. ഉൾപ്പെടെ 5,664/- രൂപയാണ്. മെഡിസെപ് പദ്ധതി നടത്തിപ്പിനായി സംസ്ഥാന സർക്കാരും ഇൻഷ്വറർ ആയ കമ്പനിയും തമ്മിലുള്ള കരാർ അനുസരിച്ച് ഒരു വർഷത്തെ പ്രീമിയം തുക മുൻകൂർ വ്യവസ്ഥയിൽ നാല് ഗഡുക്കൾ ആയി സർക്കാർ കമ്പനിക്ക് നൽകുകയും ഇത്തരത്തിൽ മുൻകൂറായി നൽകിയ തുക പ്രതിമാസം 500/- രൂപ നിരക്കിൽ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പെൻഷൻകാരുടെ പ്രതിമാസ പെൻഷനിൽ നിന്നും കുറവ് ചെയ്ത് ക്രമീകരിക്കുകയാണ് ചെയ്യുന്നത്. പ്രീമിയം ഇനത്തിനു പുറമേ പ്രതിമാസം ഈടാക്കുന്ന 28/- രൂപ വച്ച് ഒരു വർഷത്തിൽ 336/- രൂപ കോർപ്പസ് ഫണ്ടിലേയ്ക്ക് മാറ്റുകയും ഗുരുതര രോഗങ്ങൾക്കുള്ള ചികിത്സക്കായി ഉപയോഗിക്കുകയുമാണ് ചെയ്യുന്നത്.** മെഡിസെപ് ഒന്നാംഘട്ടത്തിൽ 2374,12,55,365/- രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. 01.02.2026 മുതൽ ആരംഭിച്ച പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ വ്യവസ്ഥകൾക്ക് വിധേയമായി ജി.എസ്.ടി. ഒഴിവാക്കി 687/- രൂപയാണ് പ്രീമിയം ഇനത്തിൽ ഈടാക്കുന്നത്. രണ്ടാം ഘട്ടത്തിൽ 30.04.2026 വരെ 237,50,67,546/-രൂപ മുൻകൂറായി കമ്പനിയ്ക്ക് അനുവദിച്ചിട്ടുണ്ട്. **മെഡിസെപ്പിന്റെ ഒന്നാം ഘട്ടത്തിലെ അക്കൗണ്ടിംഗ് രീതികൾ 24.06.2022 തീയതിയിലെ 71/2022/ധന ഉത്തരവിലും രണ്ടാം ഘട്ടത്തിൽ 21.01.2026 തീയതിയിലെ സ.ഉ.(പി)നം. 7/2026/ധന ഉത്തരവിലും വ്യക്തമാക്കിയിട്ടുണ്ട്.**

**(ബി)** ഇക്കാലയളവിൽ ക്ലെയിം ഇനത്തിൽ ഇൻഷ്വറൻസ് കമ്പനി, ജീവനക്കാർക്ക് നൽകിയിട്ടുള്ള ആകെ തുക എത്രയാണ്;

**<u>മറുപടി:</u>** 02.01.2026 വരെയുള്ള കണക്ക് പ്രകാരം 12,81,028 ക്ലെയിമുകൾക്ക് 2,241,87,28,562/- രൂപയുടെ ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കിയിട്ടുണ്ട്. 2,382 റീ-ഇംപേഴ്സ്മെന്റ് ക്ലെയിമുകൾക്ക് 14,26,18,666/- രൂപ ലഭ്യമാക്കിയിട്ടുണ്ട്. ഇതിന് പുറമേ 2,417 അവയവമാറ്റ ശസ്ത്രക്രിയകൾക്കായി 75,93,38,083/-രൂപയും അനുവദിച്ചിട്ടുണ്ട്. കണക്കുകൾ www.medisep.kerala.gov.in വെബ് സൈറ്റിലെ dashboard -ൽ ലഭ്യമാണ്.

**(സി)** ഇക്കാലയളവിൽ ജീവനക്കാർ ആകെ എത്ര രൂപയാണ് ക്ലെയിം ചെയ്തിട്ടുള്ളത്;

**<u>മറുപടി:</u>** 02.01.2026 വരെയുള്ള കണക്ക് പ്രകാരം 12,81,028 ക്ലെയിമുകൾക്ക് 2,241,87,28,562/- രൂപയുടെ ഇൻഷുറൻസ് പരിരക്ഷ ലഭ്യമാക്കിയിട്ടുണ്ട്. 2,382 റീ-ഇംപേഴ്സ്മെന്റ് ക്ലെയിമുകൾക്ക് 14,26,18,666/- രൂപ ലഭ്യമാക്കിയിട്ടുണ്ട്. ഇതിന് പുറമേ 2,417 അവയവമാറ്റ ശസ്ത്രക്രിയകൾക്കായി 75,93,38,083/-രൂപയും അനുവദിച്ചിട്ടുണ്ട്. കണക്കുകൾ www.medisep.kerala.gov.in വെബ് സൈറ്റിലെ dashboard -ൽ ലഭ്യമാണ്.

**(ഡി)** ജീവനക്കാർ ആവശ്യപ്പെട്ട ക്ലെയിം തുക പൂർണ്ണമായും കമ്പനി മുഖേന അനുവദിച്ച് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

**<u>മറുപടി:</u> ആശുപത്രികളെ അടിസ്ഥാന സൗകര്യം, ചികിത്സാ സൗകര്യം എന്നിവയുടെ അടിസ്ഥാനത്തിൽ മൂന്ന് വിഭാഗങ്ങളായി തരം തിരിച്ച് ഓരോ വിഭാഗത്തിനും അനുവദിക്കുന്ന പാക്കേജ് നിരക്ക് 20.01.2026 ലെ സ.ഉ.(പി)നം.05/2026/ധന. ഉത്തരവിലെ അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്. പ്രസ്തുത പാക്കേജ് നിരക്ക് അംഗീകരിക്കുന്ന ആശുപത്രികളെയാണ് പദ്ധതിയിൽ എമ്പാനൽ ചെയ്യുന്നത്. ഗുണഭോക്താക്കൾ എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികളിൽ തേടുന്ന ചികിത്സയ്ക്ക് അനുസരിച്ചുള്ള പാക്കേജ് നിരക്കാണ് ഇൻഷ്വറൻസ് കമ്പനി ആശുപത്രികൾക്ക് ക്ലെയിം തുകയായി അനുവദിക്കുന്നത്. വാഹനാപകടം, പക്ഷാഘാതം, ഹൃദയാഘാതം തുടങ്ങിയ അടിയന്തര സാഹചര്യങ്ങളിൽ നോൺ എമ്പാനൽഡ് ആശുപത്രിയിൽ നടത്തുന്ന ചികിത്സക്ക് പാക്കേജ് നിരക്ക് പ്രകാരമുള്ള തുക ഇൻഷുറൻസ് കമ്പനി ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് റീ-ഇംപേഴ്സ്മെന്റ് ചെയ്യാറുണ്ട്.**

**(ഇ)** ഇതു മൂലം മറ്റ് ഇൻഷ്വറൻസ് പദ്ധതികളിൽ ചേരാതെ നിർബന്ധിത പദ്ധതിയായ മെഡിസെപ്പ് പദ്ധതിയിൽ ചേരേണ്ടി വന്ന ജീവനക്കാർക്ക് ധനനഷ്ടം ഉണ്ടാകുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപെട്ടിട്ടില്ല.

**(എഫ്)** എങ്കിൽ ജീവനക്കാർക്ക് ധനനഷ്ടമുണ്ടാകാതെ ഇൻഷ്വറൻസ് ക്ലെയിം ലഭിക്കുന്നതിനായി എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ?

**<u>മറുപടി:</u>** മെഡിസെപ് രണ്ടാം ഘട്ടത്തിൽ പരാതി പരിഹാര സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കരാറിൽ നിന്നും വ്യതിചലിക്കുന്ന ആശുപത്രികൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്ന തരത്തിലുള്ള ഒരു SOP (Standard Operating Procedure) ഇൻഷ്വറൻസ് കമ്പനി തയാറാക്കേണ്ടതാണ്. കൂടാതെ, അധിക ബിൽ ഈടാക്കുക തുടങ്ങിയ സ്വകാര്യ ആശുപത്രി യിൽ നിന്നുള്ള ചൂഷണങ്ങൾ നിയന്ത്രിക്കുന്നതിനായി ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് അതോറിറ്റിയുടെ സേവനം കൂടി ഉപയോഗപ്പെടുത്തുന്നതാണ്.

**സെക്ഷൻ ഓഫീസർ**